


കണ്ണൂർ
സർവകലാശാല
മലയാള വിഭാഗം
2022 ജൂലൈ - സെപ്റ്റംബർ
വാല്യം 10 ലക്കം 3

# തുടി

U.G.C CARE Listed,
Peer-Reviewed Refereed Journal

**THUDI**
Research Journal
Vol-10 July-September 2022 No.3
U.G.C. CARE Listed Peer-Reviewed Refereed Journal

Published Four times a year by
Head of the Dept. of Malayalam
Kannur University

**Cover**
Pavel Suresh

**Layout & Pre Press**
Preethy V.P.

**Printed at**
Manipal Technologies Limited, Manipal

**Address for Correspondence**
Dr.Reeja V.
Associate Professor and Head,
Dept. of Malayalam, Kannur University
Dr.P.K. Rajan Memorial Campus, Nileshwaram
Kasargod, Kerala - 671314

# ഉള്ളടക്കം


ഡോ.ജിസ ജോസ് 9-24

**അകംലോകങ്ങളുടെ ആഖ്യാനങ്ങൾ**

ഡോ.രവി കെ.പി. 25-45

**സെലീന പ്രക്കാനം: ആത്മാഖ്യാനവും രാഷ്ട്രീയവ്യവഹാരവും**

ഡോ.എം.ലിനീഷ് 46-55

**മാടമ്പള്ളിയിലെ തുറക്കാത്ത മുറിയും മലയാളിയുടെ കാമനാവ്യാപാരങ്ങളും**

ഡോ.ഷീബാ ദിവാകരൻ 56-72

**തക്ഷൻകുന്ന് സ്വരൂപം: നോവലും ദേശഭാവനയും**

ഡോ.എൻ.രജനി 73-84

**എഴുത്തിന്റെ പെല്ലറ്റുകൾ**

ഡോ.നിമ്മി എ.പി. 85-98

**മൂല്യങ്ങളും സംഘർഷങ്ങളും: ആധുനിക കുടുംബത്തിന്റെ ആധുനികാനന്തര ചെറുകഥാപ്രതിനിധാനങ്ങൾ**

ഡോ.ശ്രീശൈലം ഉണ്ണികൃഷ്ണൻ 99-119

**'ഡ്രാക്കുളയുടെ നഗരം': കെ.എം.നരേന്ദ്രന്റെ കക്കാട് വായനയും എതിർ പാഠനിർമ്മിതിയും**

ഡോ.സിന്ധു കെ.വി. 120-132

**വിഷാദ ബിംബാവലികളിലെ സ്ത്രീ: പെൺപെരുമാറ്റവും സൈബർ കാവ്യലോകവും**

ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറെപ്പുരക്കൽ 133-147

**വ്യക്തി, കുടുംബം, സമൂഹം: ഭിന്നശേഷിവ്യവഹാരങ്ങളുടെ സാഹിത്യപാഠങ്ങൾ– ഒറ്റയടിപ്പാതകളെ മുൻനിർത്തിയുള്ള അന്വേഷണം**

ഡോ.സ്വപ്ന ആന്റണി 148-162

**ചിരസ്മരണ: കയ്യൂരിന്റെ സാഹിത്യപാഠം**

ഡോ.ആർ.ചന്ദ്രബോസ് 163–176

**സ്ഥലം, കാലം, ഓർമ്മ; ജ്ഞാനപരികല്പനകൾ എസ്.ഹരീഷിന്റെ രചനകളിൽ**

ഡോ.പി.പി.പ്രകാശൻ 177–186

**അധ്യാപനത്തിന്റെ രാഷ്ട്രീയം**

സംഗീത എം.കെ. 187–199

**മനസ്സും കർതൃത്വവും ബെറ്റി ഫ്രീഡാന്റെ പരീക്ഷണങ്ങൾ**

ഡോ.കെ.എസ്. ഹക്കിം 200–210

**സമൂഹപഠനവും സാമൂഹ്യയഥാർത്ഥ്യങ്ങളും: പ്രാമാണികവും രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക് ഒരാമുഖം**

ഡോ.അശോക് ഡിക്രൂസ് 211–224

**പോർച്ചുഗീസ് ഇതിഹാസകാവ്യത്തിലെ കേരളസംസ്കാരനിർമ്മിതി**

ഡോ.സജിത കിഴിനിപ്പുറത്ത് 225–235

**സാഹിത്യവിമർശനത്തിലെ ജൈവദർശനം**

ഡോ.ലിസി മാത്യു വി. 236–249

**കാടും കാഴ്ചപ്പാടും**

മുഹമ്മദ് റാഫി എൻ.വി. 250–265

**മലയാളത്തിലെ ആദ്യ അസ്തിത്വവാദനോവലായ ശബ്ദങ്ങളുടെ രത്നവർഷങ്ങൾ**

ലേഖകപരിചയം 266–268

ഡോ. അശോക് ഡിക്രൂസ്

തുടി റിസർച്ച് ജേണൽ
ISSN-2320-8880
ലക്കം- 3 വോള്യം-10

# പോർച്ചുഗീസ് ഇതിഹാസകാവ്യത്തിലെ കേരളസംസ്കാരനിർമ്മിതി

**പ്രബന്ധസംഗ്രഹം**

പോർച്ചുഗീസ് ഇതിഹാസകാവ്യമായ ഉസ് ലൂസിയാദസിലെ രണ്ടു കാണ്ഡങ്ങളിലായി കടന്നുവരുന്ന കേരളചിത്രീകരണത്തിലൂടെ ഇതിഹാസകാരനായ ലൂയീഷ് വാഷ് ദ് കമോയിങ്ഷ് അവതരിപ്പിക്കുന്ന സാംസ്കാരികമുദ്രകൾ മുൻനിർത്തി, പോർച്ചുഗീസ് ഇതിഹാസകാവ്യത്തിൽ കേരളസംസ്കാരത്തെ അടയാളപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണെന്ന് വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**

പോർച്ചുഗീസ് ഇതിഹാസകാവ്യം, മിത്ത്, സംസ്കാരനിർമ്മിതി

ഇതിഹാസകാവ്യങ്ങളിൽ സമീപപ്രദേശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും വിവരണങ്ങളും സ്വാഭാവികമായും കടന്നുവരാറുണ്ട്. ഭാരതീയേതിഹാസകാവ്യങ്ങളായ രാമായണത്തിൽ അയൽരാജ്യമായ ശ്രീലങ്കയെക്കുറിച്ചും മഹാഭാരതത്തിൽ അഫ്ഗാനിസ്ഥാനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ടെന്നകാര്യം പ്രസിദ്ധമാണ്. എന്നാൽ, പോർച്ചുഗീസ് ഇതിഹാസകാവ്യത്തിൽ ഇന്ത്യയെ പരാമർശിക്കുന്നുണ്ടെന്നത് കേവലകൗതുകത്തിനപ്പുറം ചരിത്രപ്രാധാന്യമുള്ള വസ്തുതകൂടിയാണ്. യൂറോപ്യന്മാർക്ക് സുരക്ഷിതമായ സമുദ്രപാതയെക്കുറിച്ച് ആദ്യമായി സൂചന നൽകിയ വാസ്കോ ദ ഗാമയുടെ കേരളത്തിലേയ്ക്കുള്ള ആദ്യ സമുദ്രയാത്ര ഇതിവൃത്തമാക്കി ലൂയീഷ് വാഷ് ദ് കമോയിങ്ഷ് (Luis

Vaz de Camoes) രചിച്ച പോർച്ചുഗീസ് ഇതിഹാസമാണ് *ഉസ് ലൂസീയാദസ് (Os Lusiadas)* അഥവാ ലൂസിയാദുകളുടെ ഇതിഹാസം. 1572 ൽ പ്രസിദ്ധീകൃതമായ ഈ കൃതിയുടെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറങ്ങുന്നത് 1776 ലാണ്.

1497 ജൂലായ് 8ന് പോർച്ചുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽനിന്നു പുറപ്പെട്ട വാസ്കോ ദ ഗാമ 1498 മെയ് ഇരുപതിനായിരുന്നു ചരിത്രം കുറിച്ച യാത്രയ്ക്കൊടുവിൽ കോഴിക്കോട് കപ്പലിറങ്ങിയത്. പിന്നീടുള്ള പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയിലെയും കിഴക്കൻ ആഫ്രിക്കയിലെയും തന്ത്രപ്രധാനമായ പല രാജ്യങ്ങളും പോർച്ചുഗീസുകാർ പിടിച്ചെടുത്തു. യൂറോപ്പിലെ തീരെച്ചെറിയ ഒരു രാജ്യം പൊടുന്നനെ ഭൂഗോളത്തിന്റെ പകുതിയും പിടിച്ചെടുത്ത് വാണിജ്യസാമ്രാജ്യം പടുത്തുയർത്തുകയും ഒരു വൻശക്തിയായിത്തീരുകയും ചെയ്ത ചരിത്രം അവിശ്വസനീയമാണ്. ഗാമയുടെ ആദ്യ സമുദ്രപര്യടനം ഇന്ത്യയുടെയും പോർച്ചുഗലിന്റെയും മാത്രമല്ല, ലോകത്തിന്റെ മുഴുവൻ ചരിത്രത്തെ മാറ്റിമറിച്ചു. ആ ചരിത്രസംഭവത്തെ പോർച്ചുഗീസ് ദേശീയ കവി ഇതിഹാസരൂപേണ അവതരിപ്പിക്കുകയാണ് *ലൂസിയാദുകളുടെ ഇതിഹാസത്തിൽ.*

**പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും**

സാഹിത്യം, സംസ്കാരം, ചരിത്രം തുടങ്ങിയ മേഖലകളെ ബന്ധിപ്പിക്കുന്ന അനേകം ഗവേഷണസാദ്ധ്യതകളുടെ കലവറയാണ് *ഉസ് ലൂസീയാദസ്.* പ്രസ്തുത കൃതിയിലെ രണ്ടു കാണ്ഡങ്ങൾ പൂർണമായും പ്രമേയമാക്കിയിരിക്കുന്നത് കോഴിക്കോട് നഗരത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഘടനയെയാണ്. അങ്ങനെ കോഴിക്കോടിന്റെയും അതുവഴി കേരളത്തിന്റെയും തികച്ചും വ്യത്യസ്തമായ ചിത്രം അനാവൃതമാകുന്നു. സാഹിത്യം, ചരിത്രം എന്നിവയുടെ അതിരുകളെയും സമ്മിശ്രണത്തെയും (interface) അധികരിച്ചുള്ള അന്വേഷണ

ങ്ങൾക്ക് ശക്തമായ ഒരു മാതൃകാകൃതിയാണ് ഈ പോർച്ചുഗീസ് മഹാകാവ്യം.

ഇതിനെല്ലാമുപരി, കപ്പൽയാത്ര അനിവാര്യമാക്കിയ ഭൂപടനിർമ്മാണം, ഭൂമിശാസ്ത്രം എന്നിവ ഉടലെടുക്കുന്നതിനു വളരെ മുമ്പേ, എപ്രകാരമാണ് ഇന്ന് യൂറോപ്പിൽ ഇന്ത്യയെക്കുറിച്ച് കാല്പനികമായ ചിത്രങ്ങൾ മെനയപ്പെട്ടതെന്നും അവ എങ്ങനെയാണ് പോസ്റ്റ്കൊളോണിയൽ പഠനങ്ങളിലെ പൗരസ്ത്യസാഹിത്യവിജ്ഞാനത്തിന് (Orientalism) ഉറവിടമായതെന്നും ഒരന്വേഷണത്തിനു മുതിരുമെങ്കിൽ, ലൂസീയദസിനെക്കുറിച്ചുള്ള പഠനം ഒഴിച്ചുകൂടാനാവാത്തതാണെന്നു മനസ്സിലാകും. ഇത്തരത്തിൽ, പോർച്ചുഗലിനെയെന്നല്ല, കേരളത്തെയും ഇന്ത്യയെയും സ്പർശിക്കുന്ന അനേകം ഗവേഷണവിഷയങ്ങൾ പോർച്ചുഗീസ് ദേശീയ ഇതിഹാസവുമായി ബന്ധപ്പെട്ടു കിടപ്പുണ്ട്. എന്നാൽ ലൂസീയദസിനെ അധികരിച്ച്, ആഴത്തിലുള്ള ഒരു പഠനവും കേരളത്തിൽ ഇന്നുവരെയും നടന്നിട്ടില്ലെന്നത് വസ്തുതയാണ്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ജാതിസമ്പ്രദായം, രാഷ്ട്രീയസംവിധാനം, പടയാളികളായ നായകന്മാർ, നാവികരായ മരയ്ക്കാന്മാർ തുടങ്ങിയവരെക്കുറിച്ചുള്ള വിവരണങ്ങൾ എന്നിവ ലഭ്യമാകുന്നതിന്.

കുന്താണിപ്പീരങ്കികൾ, ഗന്ധകകുടങ്ങൾ, തീബോംബുകൾ, പ്രത്യേകതരം കുന്തകഠാരകൾ, ഉരുക്കുതുപ്പാക്കികൾ, വില്ലുകൾ, പരിചകൾ തുടങ്ങി അക്കാലത്തെ വിദേശീയരും മലബാറിലെ പടയാളികളും ഉപയോഗിച്ചിരുന്ന വിവിധതരം ആയുധങ്ങളെയും പടക്കോപ്പുകളെയുംക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനാകുന്നതിന്.

വേറിട്ട ഒരു ചരിത്രവീക്ഷണവും, മിത്ത്, യഥാതഥമായ സാഹചര്യങ്ങളിൽ വെളിവാകുന്ന വിശ്വാസം എന്നിവയിലൂടെ രൂപം പ്രാപിക്ക

ന്ന ദൈവശാസ്ത്രവും എങ്ങനെയാണ് കമോയിങ്ഷിന്റെ കാവ്യത്തിൽ പ്രകടമാകുന്നതെന്ന് കണ്ടെത്തുന്നതിന്.

**ഉപാദാനസാമഗ്രികൾ**

ഈ പഠനത്തിന് പ്രധാനമായും ആശ്രയിച്ചത് ഇമ്മാനുവൽ പൌലോ റാമോസ് 1980– ൽ പുറത്തിറക്കിയ പോർച്ചുഗീസ് പതിപ്പിന്റെ ഇംഗ്ലീഷ് പരിഭാഷയാണ്. റാമോസിന്റെ പതിപ്പുകൂടാതെ, വില്യം ജൂലിയസ് മൈക്കിൾ (1809), ജോൺ ആഡംസൺ (1820), തോമസ് മൂർ മസ്ഗ്രേവ് (1826), റിച്ചാർഡ് ബർട്ടൻ (1881), ലിയനാർഡ് ബേക്കൻ (1950), ലാൻഡെഗ് വൈറ്റ് (1997) തുടങ്ങിയവരുടെ വിവർത്തനങ്ങൾ, *ലൂസിയാദുകളുടെ ഇതിഹാസം* എന്ന ഡോ. ഡേവീസ് സി. ജെ. യുടെ ഗദ്യപരിഭാഷ എന്നിവയിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്.

**ഇതിഹാസകാരന്റെ സ്വകാര്യജീവിതം**

ജോൺ മൂന്നാമൻ (1502–1557) രാജാവിന്റെ രാജസദസിൽ സന്ദർശകനായിരുന്നു കമോയിങ്ഷ്. രാജകുടുംബത്തിലെ കതറീന (Dona Catarina de Ataide) എന്ന പെൺകുട്ടിയുമായി പ്രേമബന്ധത്തിലായ കവി കൊട്ടാരത്തിൽ പ്രവേശിക്കുന്നതിനെ അധികാരികൾ വിലക്കി. ശിക്ഷയുടെ ഭാഗമായോ സ്വന്തം തീരുമാനമനുസരിച്ചോ അദ്ദേഹം പോർച്ചുഗീസ് കോളനിയായ മൊറോക്കൊയിലെ സെയൂറ്റ (Ceuta) യിൽ 1547 ൽ എത്തിച്ചേർന്നു. സെയൂറ്റയിലെ ജീവിതം അതീവ ദുസ്സഹമായിരുന്നു. അവിടത്തെ നിർബന്ധിതസേവനത്തിൽനിന്നും ഒഴിവാക്കപ്പെടുന്നതിന്, ധനികരായിരുന്ന പോർച്ചുഗീസുകാർ പ്രത്യേക കപ്പം നല്കി രക്ഷനേടുമായിരുന്നു. അവിടെവെച്ചുണ്ടായ ഒരു ഏറ്റുമുട്ടലിൽ കമോയിങ്ഷിനു ഒരു കണ്ണു നഷ്ടപ്പെട്ടു. സെയൂറ്റയിൽ സേവനം ചെയ്തിരുന്ന അഫോൻസോ ദ നൊറോണ (Afonso da Noronha) ഇന്ത്യയിൽ വൈസ്രോയിയായി നിയമിതനാവുകയും ആ ചുമതല

ഏറ്റെടുക്കാൻ 1549 ൽ അദ്ദേഹം ലിസ്ബണിലേക്ക തിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തോടൊപ്പം കമോയിങ്ഷും സ്വദേശത്തേക്ക് കപ്പൽ കയറി.

1552–ലെ പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾദിവസം (Corpus Christi) നടന്ന കാർണിവലിൽ മുഖംമൂടിധാരികളായി പങ്കെടുത്ത കമോയിങ്ഷിന്റെ രണ്ടു കൂട്ടുകാർ, ഒരു രാജസേവകനുമായി കൊമ്പു കോർത്തു. ആകസ്മികമായി ഇതിലിടപെട്ട കമോയിങ്ഷ് രാജസേവകനുമായി എതിരിടുകയും അയാളെ മുറിവേല്പ്പിക്കുകയും ചെയ്തു. തുടർന്ന്, എട്ടുമാസത്തോളം തടവിലാക്കപ്പെട്ട കമോയിങ്ഷ് 1553 ഫെബ്രുവരി 13ന് ഒരു ക്ഷമാപണം എഴുതിക്കൊടുക്കുകയും മാർച്ച് 7ന് സ്വതന്ത്രനാവുകയും ചെയ്തു. അതേമാസം, ഫെർനാവൊ അൽവാരിസ് കബ്രാളിന്റെ (Fernao Alvares Cabral) സാവൊ ബെന്തോ (Sao Bento) എന്ന കപ്പലിൽ അദ്ദേഹം ഇന്ത്യയിലേയ്ക്ക് തിരിച്ചു. അദ്ദേഹം സ്വമേധയാ ഇന്ത്യയിലേയ്ക്കു പുറപ്പെട്ടതാണെന്നും അതല്ല ഇന്ത്യയിലേക്കു നാടുകടത്തപ്പെടുകയായിരുന്നുവെന്നും ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.

'സാവൊ ബെന്തോ' 1553 സെപ്റ്റംബറിൽ ഗോവയിലെത്തുകയും അധികം വൈകാതെ കമോയിങ്ഷ് കേരളത്തിലെത്തുകയും ചെയ്തു. പോർച്ചുഗലിന്റെ വിശ്വസ്തനായിരുന്ന കൊച്ചിരാജാവിനുവേണ്ടി, 'കുരുമുളകു സാമ്രാജ്യത്തി'ന്റെ (വടക്കുംകൂർ) അധിപനെതിരെ യുദ്ധം ചെയ്യുന്നതിനായിരുന്നു അത്. കൊച്ചിയുടെയും പോർച്ചുഗലിന്റെയും വിജയത്തിൽ കലാശിച്ച യുദ്ധാസ്മരണകൾ അദ്ദേഹം തന്റെ "മൂന്നാം വിലാപകാവ്യ"ത്തിൽ (Third Elegy) കുറിച്ചിട്ടിട്ടുണ്ട്.

പിന്നീട്, ഗോവയിൽ മടങ്ങിയെത്തിയ കവി, ഗവർണറായി സ്ഥാനമെടുത്ത ഫ്രാൻസിസ്കോ ബരേറ്റോവിനെ (Francisco Barreto) ആദരിക്കുന്ന ചടങ്ങുകൾക്കായി *ഫിലൊദേമൊ* എന്നൊരു ഹാസ്യ നാടകമെഴുതി. ആഘോഷങ്ങളോടനുബന്ധിച്ച്, അദ്ദേഹം രണ്ടു

ആക്ഷേപഹാസ്യപ്രധാനങ്ങളായ നാടകങ്ങൾ രചിച്ചു. *തൊർണെയ്യോയെ കുറിച്ചൊരു ഹാസ്യം* (Satyra do Torneio), ഇന്ത്യയിൽ നടക്കുന്ന അസംബന്ധങ്ങൾ (Disparates na India) എന്നിവ ഗോവയിലെ പോർച്ചുഗീസുകാർക്കിടയിൽ നടമാടിയിരുന്ന കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയ അഴിമതികളെ തുറന്നുകാട്ടുന്നവയായിരുന്നു. ഈ രചനകൾ അദ്ദേഹത്തിന് പോർച്ചുഗീസുകാർക്കിടയിൽ അപ്രീതി സമ്പാദിച്ചു കൊടുത്തു. ഇക്കാരണത്താൽ അദ്ദേഹം ചൈനയിലെ പോർച്ചുഗീസ് കോളനിയായ മെക്കാവുവിലേക്ക് കപ്പൽ കയറുവാൻ നിർബന്ധിതനായി. മരണപ്പെട്ടവരുടെയും പോർച്ചുഗീസ് ആസ്തികളുടെയും സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്ന ജോലിയായിരുന്നു കമോയിങ്ഷിന് അവിടെയുണ്ടായിരുന്നത്. *ലൂസീയദഷ്* ഇതിഹാസത്തിന്റെ ഭൂരിഭാഗവും മെക്കാവുവിൽ ആയിരുന്നപ്പോൾ രചിച്ചുവെന്നാണ് കരുതപ്പെടുന്നത്. മെക്കാവുവിൽവെച്ച് പോർച്ചുഗീസുകാരായ സഹപൗരന്മാരെക്കുറിച്ച് അദ്ദേഹം ആക്ഷേപഹാസ്യകവിതകൾ എഴുതിയിരുന്നതിന്റെ ഫലമായി, ശിക്ഷാനടപടിയെന്നോണം അദ്ദേഹത്തെ ഗോവയിലേയ്ക്കയച്ചു.

എന്നാൽ കവി സഞ്ചരിച്ചിരുന്ന കപ്പൽ കമ്പോഡിയായിലെ കൊച്ചിൻ – ചൈന (Cochin – China) ക്കടുത്ത് മെക്കോം (Mekong) നദീമുഖത്തുവെച്ച് തകർന്നു. ഒരു കൈയിൽ *ലൂസീയദഷി*ന്റെ കൈയെഴുത്തുപ്രതിയുമായി നീന്തി കരയ്ക്കണഞ്ഞ കവിയെ അന്നാട്ടുകാർ സ്വീകരിച്ചു. ഏതായാലും, മെക്കാവുവിൽ ചെയ്ത 'കുറ്റകൃത്യ'ത്തിന് ഗോവയിൽ എത്തിച്ചേർന്ന ഉടനെ 1561ൽ അദ്ദേഹത്തെ തുറുങ്കിലടച്ചു. ഭരണകാര്യങ്ങളിൽ വേണ്ടത്ര പരിചയമില്ലാതിരുന്നതും സഹപൗരന്മാരുടെ അഴിമതികൾ ഉൾക്കൊള്ളുവാൻ സാധിക്കാതെവന്നതും കമോയിങ്ഷിന്റെ ഇന്ത്യയിലെ ജീവിതം ദുസ്സഹമാക്കി.

പോർച്ചുഗലിന്റെ സാമ്രാജ്യത്വ പദ്ധതി പുനരുദ്ധരിക്കണമെന്ന ദോം സെബാസ്റ്റ്യൻ രാജാവിനോടുള്ള അഭ്യർത്ഥനയോടുകൂടിയാണ്

*ലൂസിയാദു*കളുടെ ഇതിഹാസം സമാപിക്കുന്നത്. എന്നാൽ, സകല പോർച്ചുഗീസുകാരുടെയും അവസാന പ്രതീക്ഷയായിരുന്ന സെബാസ്റ്റ്യൻ സമ്രാട്ട് മൊറോക്കോയിലെ അൽകാസർ – കെബിർ (Alcacer–Kebir) യുദ്ധത്തിൽ പതിനായിരത്തോളം വരുന്ന പോർച്ചുഗീസ് പടയോടൊപ്പം കൊല്ലപ്പെട്ടു. രാഷ്ട്രനിർമ്മിതിക്കുവേണ്ടി ആയുസ്സുമുഴുവൻ അധ്വാനിക്കുകയും സർഗ്ഗാത്മകമായ സ്വപ്നങ്ങൾ ആവിഷ്കരിക്കുകയും ചെയ്ത കമോയിങ്ഷ് ഹൃദയം തകർന്നു തന്റെ സുഹൃത്തിന് ഇപ്രകാരമെഴുതി: "സ്വന്തം രാജ്യത്തിൽ കിടന്നുകൊണ്ടു മാത്രമല്ല, ഇതാ നാടിനോടൊപ്പവും ഞാനും മരിക്കുകയാണ്. അത്രമേൽ പ്രിയമാണ് എനിക്കെന്റെ നാട്!" അതിനോടകം, പരമദരിദ്രനായിത്തീർന്ന കവിക്കുവേണ്ടി, ഇന്ത്യയിൽനിന്നോ ആഫ്രിക്കയിൽനിന്നോ അദ്ദേഹത്തെ അനുഗമിച്ചിരുന്ന ഒരു അടിമ ഭിക്ഷ യാചിച്ചിരുന്നുവെന്നും പറയപ്പെടുന്നു. 1580 ജൂൺ പത്താംതീയതി കമോയിങ്ഷ് അന്തരിച്ചു.

## ഇതിവൃത്ത സംഗ്രഹം

പാശ്ചാത്യ ഇതിഹാസകാവ്യങ്ങളെപ്പോലെ വിഷയാവതരണത്തോടുകൂടിയാണ് *ലൂസിയാദസ്സും* ആരംഭിക്കുന്നത്. ദോം മനുവൽ (1469–1521) ആയിരുന്നു വാസ്കോ ദ ഗാമയുടെ രാജാവെങ്കിലും, എഴുത്തുകാരൻ തന്റെ ഇതിഹാസം സമർപ്പിക്കുന്നത്, കവിയുടെ സമകാലികനായ ദോം സെബാസ്റ്റ്യൻ (1554–1578) രാജാവിനാണ്. അതോടൊപ്പം പോർച്ചുഗലിലെ റ്റാഗസ് നദിയിലെ ജലകന്യകമാരോട് കാവ്യപ്രചോദനത്തിനായുള്ള പ്രാർത്ഥനയും കവി നടത്തുന്നു. ആഫ്രിക്കയുടെ പ്രതീക്ഷാ മുനമ്പ് (Cape of Good Hope) പോർച്ചുഗീസു സമുദ്രപര്യവേക്ഷകനായ ബർതലോമയുഡയസ് 1488 ൽ തരണം ചെയ്തിരുന്നതുകൊണ്ട്, വാസ്കോ ദ ഗാമയുടെ വീരേതിഹാസയാത്രയുടെ പ്രസക്തി അക്കാലത്തെ കൊടുങ്കാറ്റുകളുടെ മുനമ്പും (Cape of Storms) ഇന്നത്തെ Cape of Good Hopeകടന്ന്, ആഫ്രിക്കയുടെ കിഴക്കെ തീരത്താണ് ആരംഭിക്കുക.

മൊസാമ്പിക്, മൊമ്പാസ എന്നിവ കടന്ന്, ഗാമയുടെ കപ്പൽ വ്യൂഹം മാലിൻഡിയിൽ എത്തിച്ചേരുന്നു. മാലിൻഡിയിലെ രാജാവു നൽകിയ ഒരു മുസ്ലിം വഴികാട്ടിയുടെ സഹായം, കോഴിക്കോടിനുമേൽ ഉയർന്നു നില്ക്കുന്ന പശ്ചിമഘട്ടം ഗാമയുടെ കണ്ണിൽ പതിയുന്നതുവരെ നിർണ്ണായകമായിരുന്നു. സാമൂതിരിയുമായുള്ള ആശയവിനിമയത്തിന്, കോഴിക്കോട്ടുതീരത്തു കണ്ടുമുട്ടിയ, ബാർബേറിയിൽ നിന്നുള്ള മുസ്ലിം ദ്വിഭാഷിയും ഗാമയ്ക്കു നിർലോപമായ സഹായം നല്കി. കപ്പൽ വ്യൂഹം സന്ദർശിച്ച സാമൂതിരിയുടെ മന്ത്രിയും കോട്ടയുടെ മേൽനോട്ടക്കാരനുമായ കതുവാളിനെ അഭിസംബോധന ചെയ്തുകൊണ്ട് ഗാമയുടെ സഹോദരൻ പൗളൊ ദ ഗാമ പോർച്ചുഗലിന്റെ യുദ്ധവിജയങ്ങൾ വിവരിച്ച് ദീർഘമായ ചരിത്രാഖ്യാനം നടത്തുന്നുണ്ട്. മുസ്ലിം വ്യാപാരികളും, നായർ പ്രമാണികളും ചേർന്ന് മെനഞ്ഞെടുത്ത തന്ത്രങ്ങളിൽ വാസ്കോ ദ ഗാമ തടവിലാക്കപ്പെടുന്നതുമായ അനേകം നാടകീയമുഹൂർത്തങ്ങൾ നിറഞ്ഞതാണ്, ചരിത്രവും കാവ്യഭാവനയും ഊടും പാവും നല്കിയ കമോയിങ്ഷിന്റെ കൃതി. മലബാറിലെ ചില പൗരന്മാരെ കപ്പലിൽ ബന്ധികളാക്കി ഗാമ കോഴിക്കോട്ടുതീരം വിട്ടന്നതോടെ ഒരു കവിയുടെ ഭാവനയിൽ പോർച്ചുഗീസ് വീരേതിഹാസം അതിന്റെ ഉച്ചസ്ഥിതി (Climax) പ്രാപിക്കുന്നതായി കാണാം.

കമോയിങ്ഷിന്റെ മലബാറിലേക്കുള്ള വരവിനുമുമ്പ് കഴിഞ്ഞുപോയതും, ഇതിഹാസ ഇതിവൃത്തത്തിന്റെ കാലയളവിനുമപ്പുറം ഭാവിയിൽ ഉണ്ടാകാനിരുന്നതുമായ അനേകം സംഭവങ്ങൾ തന്മയത്വത്തോടെ കോർത്തിണക്കി, കമോയിങ്ഷ് രചിക്കുന്ന ഈ ഇതിഹാസം, സമുദ്രപര്യവേക്ഷണം വിജയകരമായി പൂർത്തിയാക്കിയ പോർച്ചുഗീസ് സഞ്ചാരികൾക്കായി വീനസ് ദേവത, ഒരുക്കുന്ന അത്യന്തം പ്രതീകാത്മകമായ ഒരു 'അനുരാഗ ദ്വീപിന്റെ' (Isle of Love) വർണ്ണനയോടുകൂടിയാണ് അവസാനിക്കുന്നത്. കാവ്യഭാവനയിൽ സൃഷ്ടിച്ചെടുത്ത ഈ 'പ്രേമദ്വീപ്' രാഷ്ട്രത്തിനും സാഹസികരായ സമുദ്രപര്യവേക്ഷകർ

ക്കമായി കവി സമർപ്പിക്കുന്ന ഒരു ഉപഹാരമാണ്. ഇവിടെയും, 1497-1498 ലെ സംഭവപരമ്പരകൾക്കുമപ്പുറം ജോൺ ദ് കാഷ്ത്രുവിന്റെ വൈസ്രോയിഭരണം വരെ (1545-1548) കവിക്കു നേരിട്ടറിയാവുന്ന പോർച്ചുഗീസ്-ഇന്ത്യയുടെ ചരിത്രം പ്രവചനരൂപേണ ഒരു സമുദ്രകന്യകയുടെ ഗാനമായി ഗാമയ്ക്കു മുന്നിലെത്തുന്നു. പര്യവേക്ഷകർ ലിസ്ബണിൽ തിരിച്ചെത്തി ദോം മനുവൽ രാജാവിന് ഇന്ത്യയിൽ നിന്നുള്ള പാരിതോഷികങ്ങൾക്കൊപ്പം പുതിയ സ്ഥാനപ്പേരുകൾ നല്കുന്നതോടെ, പത്തു കാണ്ഡങ്ങളായി (Cantos) അവതരിപ്പിച്ചിരിക്കുന്ന ഇതിഹാസത്തിനു തിരശീല വീഴുകയാണ്. ഒറ്റിവ-റീമ എന്ന താളത്തിലാണ് ഈ കാവ്യം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

### *ലൂസിയാദസി*ലെ കോഴിക്കോട്

കേരളത്തെക്കുറിച്ചുള്ള ആദ്യസൂചനകൾ ലഭ്യമാകുന്നത് ഏഴാമത്തെ കാണ്ഡത്തിലാണ്. വാസ്കോ ദ ഗാമയുടെ കാഴ്ചകൾ അവതരിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്:

ഈ നാട്ടിലെ ജനങ്ങൾ അതിനെ ഘട്ടം എന്നാണ് വിളിക്കുന്നത്.<br>
അതിന്റെ കാൽക്കീഴിൽ നീണ്ട് ഇടുങ്ങിയ ഒരിടം<br>
സമുദ്രത്തിന്റെ എല്ലാ ശൗര്യങ്ങളെയും അതിജീവിച്ചുകൊണ്ട്<br>
നിലകൊള്ളുന്നു.<br>
സാമ്രാജ്യതലസ്ഥാനമായി അറിയപ്പെടുന്നത് കോഴിക്കോടാണ്<br>
സമൃദ്ധിയുടെ ഇരിപ്പിടമായ അതിന്റെ ഭരണാധികാരി<br>
സാമൂതിരിയാണ്

(ശ്ലോകം 22)

അവിടെവച്ച് മൊൺസെയ്ത് എന്നുപേരുള്ള ഒരു മുഹമ്മദീയനെ ഗാമ കണ്ടുമുട്ടുന്നു. അയാൾ പോർച്ചുഗീസ് ഭാഷയിൽ സംസാരിക്കുന്നതു കണ്ട് ഗാമ അയാളെ ഒപ്പം കൂട്ടുന്നു. മൊൺസെയ്റ്റിന്റെ കേരളത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ ചരിത്രത്തിന്റെ അടരുകൾ കാണാം. 32 മുതൽ 41 വരെയുള്ള ശ്ലോകങ്ങളിലാണ് അയാൾ കേരളചരിത്രം

പറയുന്നത്. വാസ്തവത്തിൽ, ഈ ഭാഗത്തുള്ള വിവരണങ്ങളിൽനിന്നാണ് ഇതിഹാസകാരന്റെ കേരളസംസ്കാരനിർമ്മിതിയെക്കുറിച്ചുള്ള നിർണായകവിവരങ്ങൾ ലഭിക്കുന്നത്.

നിങ്ങൾ നങ്കൂരമിട്ടിരിക്കുന്ന ഈ തുറമുഖം മലബാർ എന്ന പ്രദേശമാണ്.

ഇവിടെയുള്ളവർ പുരാതനകാലം മുതൽ വിഗ്രഹാരാധികളാണ്.

ഇപ്പോൾ ഇവിടെ ധാരാളം രാജാക്കന്മാരുണ്ട്. എന്നാൽ പണ്ട്

ഈ സാമ്രാജ്യത്തിനു മുഴുവനായി ഒരേയൊരു രാജാവ് മാത്രമായിരുന്നു ഉണ്ടായിരുന്നത്;

സരമ (ചേര) പെരുമാളായിരുന്നു അത് (ശ്ലോകം 32)

മലബാറിലുള്ളവർ പുരാതനകാലം മുതൽ വിഗ്രഹാരാധികളാണ് എന്ന വിവരം ഇതിഹാസകാരൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. അക്കാലത്ത് ധാരാളം രാജാക്കന്മാരുണ്ടായിരുന്നെങ്കിലും ചേരമാൻ പേരുമാളിന്റെ പേരാണ് എടുത്തുപറയുന്നത്. അതുമാത്രമല്ല, അറബിനാട്ടുകളിൽ നിന്ന് ഇന്നാട്ടിലേക്കു വന്നവർ മുഹമ്മദീയവിശ്വാസം പ്രചരിപ്പിക്കുകയും ചേരമാൻ പെരുമാളിനെ പുതിയ മതത്തിലേക്ക് മാനസാന്തരപ്പെടുത്തുകയും ചെയ്തുവെന്നും പോർച്ചുഗീസ് ഇതിഹാസം സാക്ഷ്യപ്പെടുത്തുന്നു. അതിനുശേഷം, ഇങ്ങനെ തുടരുന്നു:

ഈ മതം ആദ്യമായി പ്രസംഗിച്ച പ്രവാചകൻ അന്ത്യവിശ്രമം കൊള്ളുന്ന നാട്ടിലേക്ക്

പള്ളി പണിയാനുള്ള സാമഗ്രികളുമായി പോകാൻ പെരുമാൾ തീരുമാനിച്ചു.

അയാൾക്ക് അനന്തരാവകാശികൾ ഇല്ലാതിരുന്നതിനാൽ

സാമ്രാജ്യം സ്വന്തപ്പെട്ടവർക്ക് വിഭജിച്ചുനൽകി

ഇതിനായി ഏറ്റവും അനുയോജ്യരായവരെ തിരഞ്ഞെടുത്തു (ശ്ലോകം 34)

കൊച്ചി, കണ്ണൂർ, ചാലി(യം), കുരുമുളക് ദ്വീപ്, കൊല്ലം, ക്രാങ്ങന്നൂർ

(കൊടുങ്ങല്ലൂർ) എന്നിവ ഓരോരുത്തർക്കായി അയാൾ ദാനം ചെയ്തു. അയാൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചെറുപ്പക്കാരന്, അയാൾ ഏറ്റവും ഒടുവിൽ വന്നതുകൊണ്ട്, അവശേഷിച്ച പ്രദേശമായ കോഴിക്കോട്ടും നല്കി. ആ പ്രദേശമാണ് പിന്നീട് സമ്പൽസമൃദ്ധമായത്. സാമൂതിരി എന്ന പദവി സ്വീകരിച്ച ആ ചെറുപ്പക്കാരൻ പിന്നീട് തലമുറകളിലൂടെ കൈമാറിയ ഭരണമാണ് ഇന്നും തുടരുന്നത്' എന്ന വിവരണം മുപ്പത്തിയഞ്ചാം ശ്ലോകത്തിൽ കാണാം.

> മതപരമായ കാര്യങ്ങളിൽ ഇവിടെയുള്ള ധനികരും ദരിദ്രരും ഒരുപോലെയാണ്. ഭാവനകളിൽ ഉരുത്തിരിഞ്ഞ കഥകളാണ് അവരുടെ വിശ്വാസങ്ങളുടെ അടിസ്ഥാനം. മറയ്ക്കുവാൻ പ്രകൃതി നിർബന്ധിക്കുന്ന ശരീരഭാഗം മാത്രം ഒരു കഷണം തുണികൊണ്ടു മറയ്ക്കുകയും മറ്റുഭാഗങ്ങൾ അനാവൃതമായി സൂക്ഷിക്കുകയും ചെയ്യുന്ന ശീലം അവർക്കുണ്ടായിരുന്നു. മിക്കവാറും നഗ്നരായി ജീവിക്കുന്ന അവർക്കിടയിൽ പ്രധാനമായും രണ്ടു ജാതികളായിരുന്നു ഉണ്ടായിരുന്നത്. ഒരുകൂട്ടർ കുലീനന്മാരായ നായന്മാരാണ്. താഴ്ന്നജാതി അറിയപ്പെടുന്നത് പൊലയന്മാർ എന്നാണ്. ഇവർ തമ്മിൽ വിവാഹിതരാകാൻ പാടില്ലെന്ന് അവരുടെ മതം അനുശാസിക്കുന്നു.

എന്നിങ്ങനെ, മുപ്പത്തിയാറാം ശ്ലോകത്തിലൂടെ കേരളത്തിലെ അക്കാലത്തെ ജാതിജീവിതത്തെ അടയാളപ്പെടുത്തിയിരിക്കുന്നു.

> ഏതെങ്കിലുമൊരു തൊഴിലിൽ ഏർപ്പെടുന്നവർ മറ്റേതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നവരുടെ കുടുംബത്തിൽ നിന്ന് വിവാഹം കഴിക്കാൻ പാടില്ല. മക്കൾ മരണം വരെ മാതാപിതാക്കളുടെ തൊഴിലിൽ തന്നെ ഏർപ്പെടണം. ഇവരെ സ്പർശിക്കുക എന്നത് നായന്മാർക്ക് നിഷിദ്ധമാണ്. അബദ്ധവശാൽ ആരെങ്കിലും താഴ്ന്നവിഭാഗത്തിലുള്ളവരെ തൊട്ടാൽ ശുദ്ധമാകുന്ന ഏർപ്പാടിന് ആയിരം കർമ്മങ്ങൾ ചെയ്യേണ്ടിവരും.

എന്നിങ്ങനെ, അക്കാലത്തെ വ്യവസ്ഥാപിതരീതികളെയും അവതരിപ്പിക്കുന്നു. ശമരിയാക്കാരെ സ്പർശിക്കാതിരുന്ന യഹൂദന്മാരെപ്പോലെയായിരുന്നു അതെന്നാണ് ഇതിഹാസകാരൻ പറയുന്നത്. എന്നാൽ, അതിനേക്കാൾ വിചിത്രമായ ആചാരാനുഷ്ഠാനങ്ങൾ നിങ്ങൾക്കവിടെ കാണാമെന്നും കൂട്ടിച്ചേർക്കുന്നു. ആയുധങ്ങൾ കൈവശം സൂക്ഷിക്കുന്നത് നായന്മാരാണ്. ഇവരുടെ ഇടതുകൈയിൽ പരിചയും വലതുകൈയിൽ വാളും എപ്പോഴും ഉണ്ടാകും. ഇവരാണ് രാജാവിന് സുരക്ഷ ഒരുക്കുന്നത്.

ബ്രാഹ്മണന്മാരാണ് ഇവരുടെ പുരോഹിതന്മാർ. ഒരു ജീവിയെയും അവർ കൊല്ലുകയില്ല. മാംസഭോജനം അവർക്ക് നിഷിദ്ധമാണ്. ലൈംഗികവേഴ്ചയുടെ കാര്യത്തിൽ മാത്രം അവർ വലിയ സ്വാതന്ത്ര്യവും ക്രമരാഹിത്യവും അവലംബിക്കുന്നു എന്ന വിവരവും ലൂസിയാദസിൽ കാണാം. അവരുടെ ഭാര്യമാർ എല്ലാവർക്കുമുള്ള പൊതുസ്വത്താണ്. എന്നാൽ ആ സംവിധാനം ഭർത്താക്കന്മാരുടെ മുറയിൽപ്പെട്ടവർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ചൈനമുതൽ നൈൽ വരെയുള്ള രാജ്യങ്ങളുമായി സമുദ്രമാർഗമുള്ള കച്ചവടം നടത്തുന്നവരാണ് ഈ നാട്ടിലുള്ളവർ എന്ന നിരീക്ഷണം നാല്പത്തിയൊന്ന്, നാല്പത്തിരണ്ട് ശ്ലോകങ്ങളിൽ കാണാം.

## മിത്തും ചരിത്രവും സാഹിത്യവും ഇഴചേരുന്ന സാംസ്കാരിക നിർമ്മിതി

ചരിത്രകാരനും എഴുത്തുകാരനും തമ്മിലുള്ള വ്യത്യാസം ഒരാൾ ഗദ്യത്തിലും മറ്റെയാൾ കാവ്യത്തിലും എഴുതുന്നുവെന്നതുമാത്രമല്ല. ഉത്തരാധുനികയുഗത്തിൽ ചരിത്രമെന്തെന്നും സാഹിത്യമെന്തെന്നുമുള്ള നിരവധി അന്വേഷണങ്ങൾ നടക്കുന്നുണ്ട്. അതേസമയം, ചരിത്രമെന്നും സാഹിത്യമെന്നുമുള്ള വിജ്ഞാനശാഖകൾ രണ്ടായിത്തന്നെ നിലനിർത്താൻ ഔത്സുക്യം കാണിക്കുന്നുമുണ്ട്. കാരണം, ഒരു പാഠ്യ

വകപ്പിന്റെ സ്വത്വം അഥവാ അനന്യത നിർണ്ണയിക്കുന്നത് അതിന്റെ രൂപം (form) അഥവാ ആന്തരിക നിയമമാണ് (genre). എന്തെല്ലാം പുനർവായനകൾ നടത്തിയാലും ചരിത്രം ചരിത്രമായും, സാഹിത്യം സാഹിത്യമായും പഠനവിധേയമാക്കുന്നത് ഈ തത്ത്വമനുസരിച്ചാണ്. ഉദാഹരണത്തിന് ഒരു ചരിത്രസാമഗ്രിയെ വിവിധ ചരിത്രകാരന്മാർ വ്യത്യസ്ത സമീപനരീതികൾക്കു വിധേയമാക്കുമെങ്കിലും, ആ സാമഗ്രിയെ അടിസ്ഥാനമാക്കി ഒരു പ്രത്യേക വ്യക്തി നടത്തുന്ന ചരിത്രവ്യാഖ്യാനത്തിന് ഏക ആഖ്യാനോന്മുഖത കൈവരുന്നു. അതേസമയം, അതേ ചരിത്രരേഖയെ അടിസ്ഥാനമാക്കിയോ, ഒരേ ചരിത്രസംഭവത്തെ അധികരിച്ചോ ഒരു പ്രത്യേക വ്യക്തി സർഗ്ഗാത്മകമായി രചിക്കുന്ന സാഹിത്യസൃഷ്ടിക്ക് സ്വാഭാവികമായും ബഹുമുഖ ആഖ്യാനോന്മുഖതകൾ വന്നുച്ചേരുന്നു. ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും തനിമ അവയുടെ ആന്തരികതത്വം (form/genre) നിർണ്ണയിക്കുന്നതിനാലാണ്.

ഇത്തരത്തിൽ, പോർച്ചുഗലിന്റെ നേട്ടങ്ങളെപ്പറ്റി 'ചരിത്രരചന' നടത്തുമ്പോൾ അതിന് ഏക ആഖ്യാനോന്മുഖത കൈവരുന്നു. എന്നാൽ, ഒരു സാഹിത്യരൂപം അതേ ചരിത്രസംഭവത്തെ ഒരു ഭാവനാസൃഷ്ടിയാക്കുമ്പോൾ, ആ കൃതിക്ക് പ്രകൃത്യാ ബഹുമുഖമാനങ്ങൾ അഥവാ ബഹുമുഖ ആഖ്യാനോന്മുഖതകൾ വന്നുചേരുന്നു. കവിക്ക് ഗൂഢലക്ഷ്യങ്ങൾ ഉണ്ടെങ്കിലും, കവിത അതിനെ അട്ടിമറിക്കുന്നു. കവിയെ സ്വാധീനിച്ച ആ കാലഘട്ടത്തിലെ മുസ്ലിം വിരോധത്തിന്റെ നടുവിലും ഇന്ത്യ കണ്ടെത്തുന്നതിന് ഒരു മുസ്ലിം വഴികാട്ടിയുടെയും, മറ്റൊരു മുസ്ലിം ദ്വിഭാഷിയുടെയും സാന്നിദ്ധ്യം അനിവാര്യമായിരുന്നുവെന്ന ചരിത്രസത്യം കവി തന്റെ ഇതിഹാസത്തിൽ മറയില്ലാതെ പാടുന്നു. മാത്രവുമല്ല, 'ബെലേമിലെ കാരണവർ', 'അഡമാസ്റ്റർ' തുടങ്ങിയ ഭാവനാസൃഷ്ടികളിലൂടെ ഈ ഇതിഹാസം പോർച്ചുഗീസുകാർ പടുത്തുയർത്തിയ സമുദ്രാന്തരീയ സാമ്രാജ്യത്തിനെതിരെ തികച്ചും

നിർദ്ദാക്ഷിണ്യമായ ഒരു ആത്മവിമർശനവുമായിത്തീരുന്നു. അപ്രകാരം ഈ സാഹിത്യസൃഷ്ടിയിലൂടെ വിജയിച്ച രാഷ്ട്രങ്ങൾ നിലം പതിക്കുകയും കൊളോണിയൽ ആക്രമണത്തിൽ തകർന്ന രാഷ്ട്രങ്ങൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. വാണിജ്യപരവും രാഷ്ട്രീയവുമായി യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയെ കീഴടക്കുന്നതിനു മുമ്പുതന്നെ, ഇന്ത്യ യൂറോപ്യൻ മനസ്സിനെയും ഭാവനയെയും കീഴടക്കിയിരുന്നുവെന്നതിന്റെ ഒരു നല്ല ദൃഷ്ടാന്തമാണ് കമോയിങ്ഷിന്റെ ഇതിഹാസം.

### ഗ്രന്ഥസൂചി

ഡേവിസ് സി.ജെ., *ലൂസിയാദുകളുടെ ഇതിഹാസം*, തൃശ്ശൂർ: കറന്റ് ബുക്ക്സ്, 2016.

Antonio Salgado Junior, *Os Lusiadas e Viagem do Gama Porto*, 1939.

Bowra, C. M. *Camoes and the Epic of Portugal*, in From Virgil to Milton London, 1945.

Hernani Cidade, *Louis de Camoes: O Epico* new edn. Lisbon, 1986.

Luis De Camoes, (Ed. Immanuel Paulo Ramos) *Os Lusiadas*. Porto: Porto Editora, 1980.

Norwood H. Andrews Jr., *An Essay on Camoes: Concept of the Epic*, Revisita de Letters, 3 1962.

Torrance, R.M., *Se Fantasticas Sao / Se Verdadeiras: The Gods of Lusiadas on the Isle of Love*, Modern Language Notes,1965.

Walker, M., *An Interpretation of the Role of the Supernatural in Os Lusiadas*, Revista Camoniana, 1964.